**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6113 20.11.2019-ൽ മറുപടിക്ക്

## പട്ടികവിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ<br>,, കെ.സി.ജോസഫ്<br>,, വി.ടി.ബൽറാം<br>,, അൻവർ സാദത്ത് :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ വകുപ്പുകൾ വീഴ്ച വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | എ),<br>ബി),<br>സി)<br>&<br>ഡി) | പട്ടികവിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകൾ നിയമനം നടത്താതെ ഒഴിഞ്ഞു കിടക്കുന്നു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ 5405/A1/2019/TVM(SM)/KSCSC&ST നമ്പർ പ്രകാരം കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിശ്ചിത പ്രൊഫോർമയിൽ വിവരങ്ങൾ ലഭ്യമാക്കുവാൻ ചീഫ് സെക്രട്ടറിയോട് 12.11.2019-ലെ 5405/A1/2019/TVM(SM)/KSCSC&ST നമ്പർ കത്ത് പ്രകാരം കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത ഒഴിവുകൾ നവംബർ 30 നകം റിപ്പോർട്ട് ചെയ്യണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; | | |
| സി) | നിശ്ചിത സമയത്തിനുള്ളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് സെക്രട്ടറിമാരെ നേരിട്ട് വിളിച്ചുവരുത്തി വിശദീകരണം തേടുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ; | | |
| ഡി) | സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രസ്തുത വിഭാഗങ്ങൾക്കായി ഭരണഘടനാനുസൃതമായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ പോലും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് അദ്ധ്യക്ഷന്മാരിൽ നിന്നും വിശദീകരണം ആരായുമോ? | | |

സെക്ഷൻ ഓഫീസർ